**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2849** **10-03-2025 - ൽ മറുപടിയ്ക്ക്**

**യു.എസ്. സഹായത്തോടെയുള്ള വനം വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യു.എസ്. സഹായത്തോടെ വനം വകുപ്പ് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതിയാണെന്നും എത്ര കോടി രൂപയുടെ പദ്ധതിയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും USAID യുമായി ചേർന്ന് നടപ്പിലാക്കിയ ഫോറസ്റ്റ് പ്ലസ് പ്രോഗ്രാമിനായി തെരെഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. ഇത് ഒരു ടെക്നിക്കൽ അസിസ്റ്റൻസ് പ്രോഗ്രാം ആയതിനാൽ പദ്ധതിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ വനംവകുപ്പിന് ലഭ്യമായിട്ടില്ല |
| (ബി) | വിവിധ രാജ്യങ്ങളിലെ പ്രത്യേക പദ്ധതികൾക്കുള്ള യു.എസ്. ധനസഹായം നിർത്തലാക്കുമെന്ന തീരുമാനം മേൽപ്പറഞ്ഞ പദ്ധതിയെ ബാധിക്കുമോയെന്ന് വിശദമാക്കാമോ; ഈ പ്രതിസന്ധി ഏതുരീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഇത്തരത്തിൽ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചിട്ടില്ലെങ്കിലും, നിലവിൽ ഈ പ്രോഗ്രാമുമായി ബന്ധപ്പെട്ട് മുൻപിനാലെ തയ്യാറാക്കി വന്ന സോഫ്റ്റ്‌വെയറുകളുടേയും പുതിയതായി തയ്യാറാക്കി വന്ന സോഫ്റ്റ്‌വെയറുകളുടേയും മെയിന്റനൻസ് ഏറ്റെടുത്ത് നടത്തുന്നതിനായി ഒരു സ്റ്റാർട്ടപ്പ് കമ്പനിയെ നിലവിലെ നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി കണ്ടെത്തി അറിയിക്കണമെന്ന് കേരള സ്റ്റാർട്ടപ്പ് മിഷനോട് 21/02/2025 തീയതിയിലെ KFDHQ/1844/2025-FMIS/PCM നമ്പർ കത്ത് പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (IT) അഭ്യർത്ഥിച്ചിട്ടുണ്ട്. Technical Assistants ആയി ഇത്തരത്തിൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് നൽകിയാൽ, അതിന്റെ തുടർ മെയിന്റനൻസ്/ കാലോചിതമായ മാറ്റങ്ങൾ എന്നിവ വനം വകുപ്പ് തന്നെ ആണ് ഏറ്റെടുത്തു നടത്തേണ്ടത് എന്നതിനാൽ സോഫ്റ്റ്-വെയറുമായി ബന്ധപ്പെട്ട് ഒരു പ്രതിസന്ധി രൂപപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ